# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 197

17-06-2014-ൽ മറുപടിക്ക്

## അതിവേഗ റെയിൽപ്പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ദാസൻ<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. കെ.കെ.നാരായണൻ<br>ശ്രീ. സി.കൃഷ്ണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അതിവേഗ റെയിൽ പ്പാത നിർമ്മിക്കുന്നതിൽ നിലപാട് വ്യക്തമാക്കുമോ; | (എ) ഈ വിഷയത്തിൽ അന്തിമ തീരുമാനമെ ടുത്തിട്ടില്ല. ഇപ്പോൾ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളു. |
| (ബി) ഇതിനുള്ള സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആരെയാണ് ചുമ തലപ്പെടുത്തിയത്; ഇതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം; വ്യക്ത മാക്കുമോ; | (ബി) സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കുന്ന തിന് DMRC യെ ചുമതലപ്പെടുത്തി യിരുന്നു. ഇത് പ്രകാരം തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 526 കി.മീറ്റർ ദൈർഘ്യമുള്ള ഒരു അതിവേഗ റെയിൽ പ്പാതയാണ് വിഭാവനം ചെയ്യുന്നത്. ഇതിൽ 90 കി.മീറ്റർ ഉപരിതലങ്ങളിലും 297 കി.മീറ്റർ തൂണിന് മുകളിലും 126 കി.മീറ്റർ ഭൂമിക്കടിയിൽ കൂടിയുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. സാധ്യതാ പഠന റിപ്പോർട്ട് അതിവേഗ റെയിൽ കോർപ്പ റേഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടു ത്തിയിട്ടുണ്ട്. കൂടാതെ റിപ്പോർട്ടിന്റെ |

Executive Summary എല്ലാ ജനപ്രതിനിധികൾക്കും അയച്ചുകൊടുത്തിട്ടുണ്ട്.

ഇപ്പോൾ വിശദമായ പദ്ധതിരേഖ DMRC തയ്യാറാക്കി വരുന്നു. സർവ്വേ ജോലികൾ തടസ്സപ്പെട്ടതു കാരണം പ്രതീക്ഷിച്ച സമയത്ത് പദ്ധതിരേഖ തയ്യാറാക്കാൻ സാധിച്ചിട്ടില്ല. സമയബന്ധിതമായി സർവ്വേ ജോലികൾ പൂർത്തീകരിച്ച് പദ്ധതിരേഖ തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷന്റെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ;

**(സി)** കോർപ്പറേഷൻ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഹൈസ്പീഡ് റെയിൽ പദ്ധതിയുടെ പുരോഗതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2014 ഏപ്രിൽ 23-ന് നടന്ന യോഗം വിലയിരുത്തിയിരുന്നു. സംസ്ഥാന പ്ലാനിംഗ് ബോർഡും പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിരുന്നു.

**(ഡി)** പാതയ്ക്ക് നിർദ്ദേശിക്കപ്പെട്ട റൂട്ട് വിശദമാക്കാമോ; എത്ര മീറ്റർ വീതിയിൽ എത്ര കി. മീറ്റർ ദൂരത്തിൽ ഭൂമി അക്വയർ ചെയ്യേണ്ടതായി വരുമെന്ന് കണക്കാക്കുന്നു; പദ്ധതിക്കായി പ്രതീക്ഷിക്കുന്ന ചെലവ് എത്ര; ഏതെല്ലാം സ്രോതസ്സുകളിലൂടെ കണ്ടെത്താനുദ്ദേശിക്കുന്നു?

**(ഡി)** പാതയുടെ റൂട്ട്, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയാലേ നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. തിരുവനന്തപുരം, കൊല്ലം, ചെങ്ങന്നൂർ, കോട്ടയം, കൊച്ചി, തൃശ്ശൂർ, തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് പട്ടണങ്ങളിൽ സ്റ്റേഷൻ വേണമെന്നുമാത്രാണ് ഇപ്പോൾ പ്രാഥമികമായി തീരുമാനിച്ചിട്ടുള്ളത്. സ്റ്റേഷൻ ഒഴികെ പാതയ്ക്ക് ഉദ്ദേശം 20 മീറ്റർ സ്ഥലം വേണ്ടിവരുമെന്നാണ് പ്രാഥമിക കണക്ക്.

2011 - ലെ കണക്ക് പ്രകാരം തിരുവനന്തപുരം-കാസർഗോഡ് പാതയ്ക്ക് 1.2 ലക്ഷം കോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. പദ്ധതി ചെലവിലേക്കായി വിവിധ സാമ്പത്തിക സ്രോതസ്സുകൾ പരിഗണിച്ചു വരുന്നതേയുള്ളു.

സെക്ഷൻ ഓഫീസർ